**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 1806** **22.03.2012-ൽ മറുപടിക്ക്.**

## മാവേലിക്കര നിയോജകമണ്ഡലത്തിലെ കുറത്തിക്കാട് പോലീസ് സ്റ്റേഷന്റെ നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ. രാജേഷ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ കുറത്തിക്കാട് പോലീസ് സ്റ്റേഷന്റെ നിർമ്മാണത്തിന് എത്ര തുകയാണ് വകയിരുത്തിയിരുന്നത് ; അതിന് അനുമതി ലഭ്യമാക്കിയിരുന്നുവോ ; | : (എ) സ്വന്തമായി കെട്ടിടമില്ലാത്ത കുറത്തിക്കാട് ഉൾപ്പെടെ 24 പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം പണിയുന്നതിന് 2011-12-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ രണ്ടുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) ഇതിനാവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ;<br>(സി) എന്നേക്ക് നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ; | : (ബി) & (സി)<br>സ്ഥലം കൈമാറിക്കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) ഇതോടൊപ്പം ചാരുമൂട് സി.ഐ. ഓഫീസ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | : (ഡി) ഇക്കാര്യത്തിൽ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ